**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1555** **08-12-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ-നൈപുണ്യ വികസനത്തിനായുള്ള കേന്ദ്രങ്ങളായി രൂപപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളായി രൂപപ്പെടുത്തുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന സംസ്ഥാനത്തെ 11 ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കായി 7 കരിയർ ഡെവലപ്പ്മെന്റ് സെന്ററുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര, പാലോട്, കൊല്ലം ജില്ലയിലെ കൊട്ടാരക്കര, ആലപ്പുഴ ജില്ലയിലെ കായംകുളം, പാലക്കാട് ജില്ലയിലെ ചിറ്റൂർ, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറ എന്നിവിടങ്ങളിൽ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.<br><br>തിരുവനന്തപുരം, യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയോടൊപ്പം ഒരു മോഡൽ കരിയർ സെന്ററും ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. |
| (ബി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന അഭ്യസ്തവിദ്യരായ യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കുന്നതിനായി എന്തെല്ലാം പരിശീലനങ്ങളാണ് നൽകി വരുന്നത്; | (ബി) | എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥി-കളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേനയും പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ-മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ-ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. |
| (സി) | ഇതിനോട് അനുബന്ധിച്ച് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ? | (സി) | എംപ്ലോയബിലിറ്റി സെന്ററുകളുടെ HRDപ്രവർത്തനങ്ങളും, Hardware purchase ഉം KASEആണ് ചെയ്തുകൊണ്ടിരിക്കുന്നത്. എംപ്ലോയബിലിറ്റി സെന്ററിലെ HRDപ്രവർത്തനങ്ങൾ നിർവ്വഹിച്ചിരുന്ന കമ്പനികളുടെ കാലാവധി അവസാനിച്ച സാഹചര്യത്തിൽ HRDപ്രവർത്തനം എംപ്ലോയ്മെന്റ് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. എംപ്ലോയ്മെന്റ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം 31.07.2022 വരെ KASE മുഖാന്തിരം എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക അതാതു ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് നൽകിയിരുന്നു. |

സെക്ഷൻ ഓഫീസർ